പതിനാലാം കേരളനിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6498 — 21/11/2019 ലെ മറുപടി

**പരിശീലന പരിപാടികളിൽ പങ്കെടുത്ത അധ്യാപകർക്ക് ഓണറേറിയം അനുവദിച്ച നടപടി**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. ടി.ജെ. വിനോദ് | | പ്രൊഫ. സി. രവീന്ദ്രനാഥ് (പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) വിവിധ പരിശീലന പരിപാടികളിൽ പങ്കെടുക്കുന്ന സർക്കാർ വേതനം കൈപ്പറ്റുന്ന സ്ഥിരം അധ്യാപകർക്ക് അനുവദനീയമായ ബത്തകൾ/ ആനുകൂല്യങ്ങൾ എന്തെല്ലാമാണ്; ഏത് ചട്ടപ്രകാരമാണ് പ്രസ്തുത ആനുകൂല്യങ്ങൾ അനുവദിച്ച് നൽകുന്നത്; | (എ) | പൊതുവിദ്യാഭ്യാസ വകുപ്പിൽ വിവിധ പരിശീലന പരിപാടികളിൽ പങ്കെടുക്കുന്ന സർക്കാർ വേതനം കൈപ്പറ്റുന്ന സ്ഥിരം അധ്യാപകർക്ക് ദിനബത്തയും യാത്രാ ബത്തയും അനുവദിക്കാറുണ്ട്. കേരള സർവീസ് റൂൾസ് അനുസരിച്ചാണ് ബത്തകൾ അനുവദിക്കുന്നത്<br>ഹയർ സെക്കന്ററി വിഭാഗത്തിൽ 10 ദിവസം നീണ്ടു നിൽക്കുന്ന റസിഡൻഷ്യൽ റീഫ്രഷർ കോഴ്സായ ഹയർ സെക്കന്ററി സ്കൂൾ ടീച്ചർ ട്രാൻസ്ഫർമേഷൻ പ്രോഗ്രാം (HSSTTP) യിൽ പങ്കെടുക്കുന്ന അദ്ധ്യാപകർക്ക് 29/05/2019 തീയതിയിലെ ജി.ഒ(ആർ.ടി) നം.1989/2019/ പൊ.വി.വ എന്ന സർക്കാർ ഉത്തരവ് പ്രകാരമുള്ള ആനുകൂല്യങ്ങൾ/ ബത്തകൾ ഇവ നൽകുന്നുണ്ട്. |
| (ബി) അവർക്ക് ഓണറേറിയം അനുവദിച്ച് നൽകാവുന്നതാണോ; എങ്കിൽ ഏത് ചട്ടപ്രകാരമാണ് തുക അനുവദിച്ച് നൽകുന്നത്; വ്യക്തമാക്കുമോ; | (ബി) | പൊതുവിദ്യാഭ്യാസ വകുപ്പിൽ പരിശീലന പരിപാടികൾക്ക് ഓണറേറിയം അനുവദിക്കാറില്ല. എന്നാൽ ക്ലസ്റ്റർ പരിശീലനത്തിൽ മാത്രം 125 രൂപ മെസ് അലവൻസ് ആയി അനുവദിക്കാറുണ്ട്. ആയത് എം.എച്ച്.ആർ.ഡിയുടെ മിനുട്സ് പ്രകാരമാണ് അനുവദിക്കുന്നത്.<br>ഹയർ സെക്കണ്ടറി സ്കൂൾ ടീച്ചർ ട്രാൻസ്ഫർമേഷൻ പ്രോഗ്രാം (HSSTTP) എന്ന ട്രെയിനിംഗ് പ്രോഗ്രാമിൽ പങ്കെടുക്കുന്ന അദ്ധ്യാപകർക്ക് ഓണറേറിയം അനുവദിക്കുന്നതിന് 29/05/2018 തീയതിയിലെ ജി.ഒ(ആർ.ടി) നം.1989/2019/പൊ.വി.വ എന്ന സർക്കാർ ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (സി) ഹയർ സെക്കണ്ടറി വിദ്യാഭ്യാസ വകുപ്പിൽ 2018-19 അദ്ധ്യയന വർഷത്തിൽ ഇ.എ.പി.- യുടെ ഭാഗമായുള്ള | (സി) | 2018-19 അധ്യയന വർഷത്തിൽ EAP യുടെ ഭാഗമായി ഹയർ സെക്കണ്ടറി സ്കൂൾ ടീച്ചർ ട്രാൻസ്ഫർമേഷൻ പ്രോഗ്രാം |

| | | | |
|---|---|---|---|
| | കോംപ്രിഹെൻസീവ് പ്രോഗ്രാം ഫോർ ദി ട്രാൻസ്ഫോർമേഷൻ ഓഫ് എച്ച്.എസ്.എസ്.റ്റി. എന്ന പരിശീലന പരിപാടിയുടെ ഭാഗമായി നാളിതുവരെ എത്ര അദ്ധ്യാപകർക്ക് പരിശീലനം നൽകിയിട്ടുണ്ട്; പങ്കെടുത്ത അദ്ധ്യാപകർക്ക് ഹോണറേറിയം അനുവദിച്ച നൽകിയിട്ടുണ്ടോ ;എങ്കിൽ ഏത് ചട്ടപ്രകാരം; വ്യക്തമാക്കുമോ; | | (HSSTTP)യിൽ 1177 അദ്ധ്യാപകർ പരിശീലനം നേടിയിട്ടുണ്ട്. പ്രസ്തുത ട്രെയിനിംഗ് പ്രോഗ്രാമിൽ പങ്കെടുക്കുന്ന അദ്ധ്യാപകർക്ക് ഓണറേറിയം അനുവദിക്കുന്നതിന് 19/05/2018 തീയതിയിലെ ജി.ഒ(ആർ.ടി) നം.1859/2018/പൊ.വി.വ എന്ന സർക്കാർ ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (ഡി) | ഈ പരിശീലന പരിപാടിയിൽ പങ്കെടുക്കുന്ന അദ്ധ്യാപകർക്ക് ഓണറേറിയം അനുവദിച്ചത് ധനകാര്യവകുപ്പിന്റെ അനുമതിക്ക് വിധേയമായിട്ടാണോ; എങ്കിൽ ബന്ധപ്പെട്ട അഭിപ്രായക്കുറിപ്പിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (ഡി) | ഹയർ സെക്കണ്ടറി സ്കൂൾ ടീച്ചർ ട്രാൻസ്ഫർമേഷൻ പ്രോഗ്രാം (HSSTTP)യിൽ പങ്കെടുത്ത അദ്ധ്യാപകർക്ക് ഓണറേറിയം അനുവദിക്കുന്നതിന് 29/05/2019 തീയതിയിലെ ജി.ഒ(ആർ.ടി) നം.1989/2019/പൊ.വി.വ എന്ന സർക്കാർ ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (ഇ) | മേൽ പരിശീലന പരിപാടിയിൽ പങ്കെടുക്കുന്നതിന് എത്ര ഹയർ സെക്കണ്ടറി സ്കൂൾ അദ്ധ്യാപകർക്ക് ബന്ധപ്പെട്ട റീജിണൽ ഡെപ്യൂട്ടി ഡയറക്ടർമാർ ചട്ടപ്രകാരമല്ലാതെ ഓണറേറിയം അനുവദിച്ച് നൽകിയിട്ടുണ്ട്; ഈ ഉദ്യോഗസ്ഥർ അപ്രകാരം എത്ര തുക സർക്കാർ ഖജനാവിന് നഷ്ടം വരുത്തിയിട്ടുണ്ട്; ആയത് തിരിച്ചുപിടിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (ഇ) | ഹയർ സെക്കണ്ടറി സ്കൂൾ ടീച്ചർ ട്രാൻസ്ഫർമേഷൻ പ്രോഗ്രാം (HSSTTP) യിൽ പങ്കെടുത്ത അദ്ധ്യാപകർക്ക് റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാർ വഴി ഓണറേറിയം അനുവദിച്ച് നൽകിയിട്ടില്ല. |

സെക്ഷൻ ഓഫീസർ